## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2076** **06.02.2019-ൽ മറുപടിക്ക്**

**<u>ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി</u>**

| **ചോദ്യം**<br>**ശ്രീ.ഡി.കെ.മുരളി** | **മറുപടി**<br>**കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആർ.സി.സി.യിൽ 2014 ആഗസ്റ്റ് വരെ നിലവിലുണ്ടായിരുന്ന ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്ക് പകരമായി ആവിഷ്കരിക്കുന്ന നാലാംഘട്ട പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടം 2014 ആഗസ്റ്റ് മാസത്തിൽ അവസാനിക്കുകയുണ്ടായി. നാലാംഘട്ട പദ്ധതി ആരംഭിക്കണമെന്ന് തീരുമാനിക്കുകയും അതിന്റെ ഭാഗമായി പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ക്യാൻസർ രോഗികൾക്കായി വിവിധ ക്ഷേമ പദ്ധതികളും ഇൻഷ്വറൻസ് പരിരക്ഷയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആർ.സി.സി.യുടെ ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയുമായി മുന്നോട്ട് പോകേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് ഘട്ടങ്ങളിലുമായി നാളിതുവരെ എത്ര രോഗികൾക്ക് എത്ര തുക വീതം ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി പ്രകാരം മൂന്നു ഘട്ടങ്ങളിലുമായി നാളിതുവരെ 4343 രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. ഈയിനത്തിൽ 18,35,51,667/- (പതിനെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി അറുന്നൂറ്റി അറുപത്തിയേഴ് രൂപ) രൂപയുടെ ആനുകൂല്യമാണ് നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**